പലപ്പോഴും ഞങ്ങളിരുന്ന് ചിരിക്കാറുണ്ട്. അത് അദ്ദേഹം പറയുന്നത് ഇഷ്ടപ്പെട്ടിട്ടുള്ള ചിരിയല്ല. ഇത് ആവർത്തിച്ചാൽ ഞങ്ങൾക്ക് മറ്റ് നിലയിൽ പ്രതികരിക്കേണ്ടി വരും. സഭയിൽ പ്രശ്നങ്ങൾക്ക് ഇടനൽകും. ഇത് ഒരു പ്രാവശ്യമല്ല, എന്നെക്കുറിച്ച് വ്യക്തിപരമായി പല രൂപത്തിൽ പറയാൻ തുടങ്ങിയിരിക്കുകയാണ്. ഞാനും അതിന് എതിര് പറയുമ്പോൾ പ്രശ്നം സങ്കീർണമാകും. പറയാൻ എനിക്കുമറിയാം. പക്ഷേ ഞാനത് പറയാൻ ആഗ്രഹിക്കുന്നില്ല. സഭയുടെ മാന്യതയും അന്തസ്സും പുലർത്തണമെന്നുള്ളതുകൊണ്ടാണ് അങ്ങയുടെ മുമ്പാകെ ഞാൻ ഈ കാര്യം പറഞ്ഞത്. ഇന്നലേയും ഇന്നും അദ്ദേഹം പറഞ്ഞ പരാമർശങ്ങൾ..... ഇന്നലെ ഞാൻ ഇത് പറഞ്ഞില്ല. വാക്കൗട്ട് നടത്തി ഇറങ്ങിപ്പോകാൻ നേരത്ത് മുഖ്യമന്ത്രി പറയുന്നത് ശരിയല്ലെന്ന് ഞാൻ പറഞ്ഞു. ഇന്ന് അദ്ദേഹം വീണ്ടും ആവർത്തിച്ചു. ഈ നിലയിൽ മുഖ്യമന്ത്രിയുടെ സമീപനം സഭയുടെ അന്തസ്സിന് ചേർന്നതല്ല. അതുകൊണ്ട് ഈ കാര്യത്തിൽ ഞങ്ങൾക്ക് നീതി നൽകണമെന്ന് അപേക്ഷിക്കുകയാണ്.

VII റൂളിംഗ്

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ വിഷയമായിരുന്നുവെങ്കിൽ ഇന്ന് ഇത് മാറ്റിവച്ചേനേ. കാരണം മുഖ്യമന്ത്രി സീറ്റിലില്ലല്ലോ ? അദ്ദേഹം കൂടി കേൾക്കണമല്ലോ ? എനിക്കതിനെക്കുറിച്ച് അറിയില്ലായിരുന്നു. ശ്രീ. ടി. എം. ജേക്കബ് റൂൾ അനുസരിച്ച് പേഴ്സണൽ എന്നു പറഞ്ഞതുകൊണ്ടുമാത്രം അനുവദിച്ചതാണ്. അല്ലെങ്കിൽ മാറ്റി വയ്ക്കുമായിരുന്നു. മുഖ്യമന്ത്രികൂടി കേൾക്കേണ്ടതായിരുന്നു. വേറൊന്നും കൊണ്ടല്ല.

VIII റിപ്പോർട്ട് സമർപ്പണം

കാര്യോപദേശകസമിതിയുടെ മുപ്പത്തിഒന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രിക്കുവേണ്ടി ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, കാര്യോപദേശക സമിതിയുടെ മുപ്പത്തിയൊന്നാമത് റിപ്പോർട്ട് മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

പിന്നോക്ക സമുദായ ക്ഷേമസമിതിയുടെ പതിനഞ്ചുമുതൽ പതിനെട്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, പിന്നോക്ക സമുദായ ക്ഷേമസമിതിയുടെ പതിനഞ്ചുമുതൽ പതിനെട്ടു വരെയുള്ള റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

IX റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ മുപ്പത്തിയൊന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രിക്കുവേണ്ടി ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, കാര്യോപദേശക സമിതിയുടെ മുപ്പത്തിയൊന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ടി. എം. ജേക്കബ് അങ്ങയുടെ Objection എന്താണ് ?

ശ്രീ. ടി. എം. ജേക്കബ് : കാര്യോപദേശകസമിതിയുടെ 31-ാമത് റിപ്പോർട്ട് വീണ്ടും അതേ കമ്മിറ്റിയുടെ പരിഗണനയ്ക്ക് തിരിച്ചയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇന്നലെ നമ്മൾ ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടുകയുണ്ടായി. ബി. എ. സി. കൂടിയ അവസരത്തിൽ 8-ാം തീയതി നേരത്തെ നമ്മൾ നിശ്ചയിച്ച ഒരു ഷെഡ്യൂൾ സഭയിൽതന്നെ കാര്യോപദേശക സമിതിയുടെ റിപ്പോർട്ടായി വന്നു. നമ്മൾ അത് അംഗീകരിക്കുകയും ചെയ്തു. അതിനുശേഷം പ്രയോറിറ്റിയിൽ ഒരു മാറ്റം വരുത്താമെന്നും Decentralisation of powers (amendment) Bill ചർച്ച ചെയ്യാമെന്നും ഗവൺമെന്റ് ഭാഗത്തുനിന്ന് പറഞ്ഞു. നമ്മൾ അതിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്തതിനുശേഷം ബിസിനസ് അഡ്വൈസറി കമ്മിറ്റി അത് അംഗീകരിച്ചു. എട്ടാം തീയതിയും പതിമൂന്നാം തീയതിയും രണ്ട് ദിവസങ്ങളിൽ ആ ചർച്ച പൂർത്തിയാക്കാനാണ് അന്ന് നമ്മൾ തീരുമാനമെടുത്തത്. നേരത്തെ തീരുമാനിക്കാത്ത ഒരു കാര്യമാണ്, 28-ാം തീയതി വീണ്ടും രണ്ട് ബില്ലുകൾ ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു. അതിനുശേഷം അപ്രോപ്രിയേഷൻ ബില്ലും അതിന്റെ കൂട്ടത്തിൽ മറ്റൊരു ബില്ലും എട്ടാം തീയതിയിലെ ബിസിനസ് മാറ്റിവച്ചതും നമ്മൾ എടുക്കുകയുണ്ടായി. ഇത്രയും കാര്യങ്ങൾ നമ്മൾ യോജിച്ചെടുത്ത ഒരു തീരുമാനമാണ്. പക്ഷേ ഇന്നിവിടെ കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് സർക്കുലേറ്റ് ചെയ്തപ്പോൾ അതിൽ പുതിയ ഒരു ബിൽ, ബി. എ. സി. യിൽ തീരുമാനമെടുക്കാത്ത ഒരു ബിൽ കൂടി ചർച്ചയ്ക്ക് വരുന്നതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 8-ാം തീയതിയിലേത് പ്രശ്നമില്ല. അങ്ങനെ Decentralisation of powers (amendment) ബിൽ വരുന്നുണ്ട്. 13-ാം തീയതി 2000-ത്തിലെ Decentralisation of powers (Amendment) Bill -ഉം 2000-ലെ The Kerala Command Area Development (Amendment) Bill-ഉം ഉൾപ്പെടുത്തിയിരിക്കുകയാണ്. നമ്മൾ വിശദമായി ബി. എ. സി. യിൽ സംസാരിച്ചു. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നമ്മളൊക്കെ പിൻതാങ്ങുന്ന ഒരു ബില്ലാണ് Decentralisation of powers (Amendment) Bill ഗവൺമെന്റ് പറഞ്ഞത് നമ്മൾ അങ്ങേയറ്റം കോ-ഓപ്പറേറ്റ് ചെയ്യണമെന്നാണ്. എങ്ങനെയും നമുക്ക് പാസാക്കാമെന്ന് പറഞ്ഞു. ബിൽ വരാൻ വൈകിയതുകൊണ്ടാണ് കഴിഞ്ഞ ബി. എ. സി. യിൽ തീരുമാനമെടുക്കാൻ കഴിയാതെ പോയത്. അത് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വന്ന വീഴ്ചയാണ്. പക്ഷേ ഗവൺമെന്റ് രണ്ടാമത് ബിൽ സർക്കുലേറ്റ് ചെയ്തപ്പോൾ ഞങ്ങൾ സമ്മതിക്കുകയും ചെയ്തു. 2000-ലെ Decentralisation of powers (Amendment) Bill-ൽ 34 നിയമങ്ങൾക്ക് ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ objects and Reasons-ൽ അത് പറയുന്നുണ്ട്. അതുപോലെ repeal ചെയ്തുപോകുന്ന 3 നിയമങ്ങളെ സംബന്ധിച്ചും പറയുന്നുണ്ട്. കുറെ ഭേദഗതികൾ repeal ചെയ്തു പോകുകയാണ്. ഇപ്പോൾ വന്നിരിക്കുന്നത് 2000-ത്തിലെ Kerala Command Area Development (ഭേദഗതി) ബിൽ ആണ്. 1986-ൽ കേരള നിയമസഭ പാസാക്കിയ ഒരു നിയമമുണ്ട്. ആ നിയമത്തിൽ കൊണ്ടുവന്നിരിക്കുന്ന ഒരു ഭേദഗതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവകുപ്പുമായി ബന്ധപ്പെട്ട, കമാൻഡ് ഏരിയ ഡവലപ്പുമെന്റുമായി ബന്ധപ്പെട്ട ഒരു നിയമമാണ്. ഇവിടെ 34 നിയമങ്ങളിൽ മദ്രാസ് ഇറിഗേഷൻ വർക്ക്സ് ആക്ട് ഭേദഗതി ചെയ്യുന്നുണ്ട്. മലബാർ ഇറിഗേഷൻ വർക്സ് ആക്ട് ഭേദഗതി ചെയ്യുന്നുണ്ട്, മദ്രാസ് ഇറിഗേഷൻ ടാക്സ് ഇംപ്രൂവ്മെന്റ് ആക്ട്, 1949 ഭേദഗതി ചെയ്യുന്നുണ്ട്. ട്രാവൻകൂർ കൊച്ചിൻ ഇറിഗേഷൻ ടാക്സ് പ്രിസർവേഷൻ ഓഫ് ഇംപ്രൂവ്മെന്റ് ആക്ട് ഭേദഗതി ചെയ്യുന്നുണ്ട്. അതുപോലെ മദ്രാസ് ഇറിഗേഷൻ ലെവി ആന്റ് ബെറ്റർമെന്റ് കോൺട്രിബ്യൂഷൻ ആക്ട്, 1955 ഭേദഗതി ചെയ്യുന്നുണ്ട്, ട്രാവൻകൂർ കൊച്ചിൻ ഇറിഗേഷൻ ആക്ട്, 1956 ഭേദഗതി ചെയ്യുന്നുണ്ട്. അങ്ങനെ ജലസേചനവുമായി ബന്ധപ്പെട്ട് ഒട്ടേറെ നിയമങ്ങൾ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് (അമെന്റുമെന്റ്) ബില്ലിൽ ഇൻകോർപ്പറേറ്റ് ചെയ്തിരിക്കുകയാണ്. അതിൽക്കൂടെ ഇൻകോർപ്പറേറ്റ് ചെയ്യാൻ കഴിയുന്ന ഒന്നാണ് കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബിൽ. ആ ഭേദഗതികൾ ഇതിനകത്ത് കൊണ്ടു വരണമായിരുന്നു. ഇത് ഒരു സെക്കന്റ് തോട്ടിൽ വന്നിരിക്കുകയാണ്. പഞ്ചായത്ത് രാജ് ആക്ട് പാസാക്കിയ അവസരത്തിൽ നമ്മൾ കുറെ അധികാരങ്ങൾ ഷെഡ്യൂളിൽപ്പെടുത്തി കൊടുത്തു. അതിനുശേഷം അതു പോരായെന്നു തോന്നിയപ്പോൾ നമ്മൾ വേറെ കുറെ നിയമങ്ങൾ ഭേദഗതി ചെയ്തു. അതിലൊന്നും ഞങ്ങൾക്ക് വിരോധമില്ല. ആ നിലയ്ക്ക് ഗവൺമെന്റിന് ഇത് വേണമെന്ന് സെക്കന്റ് തോട്ടിൽ തോന്നുന്നുവെങ്കിൽ അത് വേറൊരു ഭേദഗതിയായി പിന്നെ വരട്ടെ. അല്ലാതെ ബി. എ. സി. യിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സ്പീക്കറും ഉൾപ്പെടെ ഞങ്ങൾ എല്ലാ കക്ഷി നേതാക്കന്മാരെയും ഇരുത്തി പാസാക്കിയ സംഗതി ഞങ്ങളറിയാതെ റിപ്പോർട്ടാക്കി വേറൊരു രൂപത്തിൽ ഗവൺമെന്റ് കൊണ്ടുവന്നത് ശരിയല്ല. അതുകൊണ്ട് ഈ ബിൽ അതിൽനിന്നും ഡിലീറ്റ് ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി.

12 noon]

ഭക്ഷ്യ-വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഇത് വെറും ടെക്നിക്കൽ ഇഷ്യൂ മാത്രമാണ്. ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് പഞ്ചായത്തുകൾക്ക് കൊടുക്കുന്നതാണ്. അതിനകത്ത് നിരവധി ആക്ടുകൾ കൊടുത്തിട്ടുണ്ട്. അതെല്ലാം ഇംഗ്ലീഷിൽ എഴുതി. അതേ കാര്യം തന്നെയാണ് കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബില്ലിലും വന്നിരിക്കുന്നത്. പക്ഷേ അത് മലയാളത്തിൽ ആയിപ്പോയി. അതുകൊണ്ടാണ് സെപ്പറേറ്റ് ബില്ലായിപ്പോയത്. മലയാളത്തിൽ ഇത് ഡ്രാഫ്റ്റ് ചെയ്തു എന്നുള്ള ഒറ്റ കാരണം കൊണ്ടാണ് ഇത് സെപ്പറേറ്റ് ബിൽ ആകുന്നത്. അല്ലെങ്കിൽ ഇതിനകത്ത് ഇൻകോർപ്പറേറ്റ് ചെയ്താൽ മതിയായിരുന്നു. സാങ്കേതികമായി നോക്കിയാൽ വേറൊരു ബില്ലാണ്. എന്നാൽ ബില്ലിലെ കണ്ടെൻസ് ഒന്നു തന്നെ. ഇതാണ് വ്യത്യാസം. അതുകൊണ്ട് ഇത് വേറൊരു ദിവസം പ്രത്യേകം ചർച്ച ചെയ്യേണ്ട കാര്യമില്ല. കോ-ഓപ്പറേറ്റ് ചെയ്യുകയാണെങ്കിൽ രണ്ടും ചേർത്ത് എടുക്കാവുന്നതേയുള്ളൂ. കമാന്റ് ഏരിയ വികസന (ഭേദഗതി) ബില്ലിന്റെ കാര്യത്തിൽ, അതിന്റെ പ്ലാൻ ഉണ്ടാകുമ്പോൾ പഞ്ചായത്തുകളോട് കൺസൾട്ട് ചെയ്യണമെന്നും അഞ്ച് പഞ്ചായത്തുകളെക്കൂടി ഡവലപ്പ്മെന്റ് കമ്മിറ്റിയിൽ ഉൾപ്പെടുത്തണമെന്നും മാത്രമാണ് ഭേദഗതി. ഇതും ഡീസെൻട്രലൈസേഷന്റെ ഭാഗമാണ്. പക്ഷേ ബിൽ മലയാളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ആയതുകൊണ്ട് സെപ്പറേറ്റ് ബില്ലായിപ്പോയി. ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് അത്യാവശ്യമാണ്. അത് കൊടുക്കേണ്ടതാണെന്ന് ശ്രീ. ടി. എം. ജേക്കബ് പറഞ്ഞു. അത് തർക്കമുള്ള വിഷയമല്ല. സാങ്കേതികമായി പറഞ്ഞാൽ വേറൊരു ബില്ലല്ലേയെന്ന് ചോദിക്കാം. അത്രേയുള്ളൂ.

ശ്രീ. ജി. കാർത്തികേയൻ : സർ, ഈ സഭയിൽ ഇത്രയും പാരമ്പര്യമുള്ള ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇങ്ങനെ പറഞ്ഞത് ശരിയായില്ല. ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബില്ലിനകത്ത് വകുപ്പുകൾ എത്ര ഉണ്ടെന്നതിനെ സംബന്ധിച്ചൊന്നും യോജിപ്പോ വിയോജിപ്പോ ഇല്ല. ഇന്നലെ 12.30 ന് കൂടിയ ബി. എ. സി. മീറ്റിംഗ് 1.15-നാണ് പിരിഞ്ഞത്. നമ്മളെല്ലാപേരും ഉണ്ടായിരുന്നല്ലോ. ഈ പറഞ്ഞ വാദങ്ങൾ ഇന്നലെ ആകാമായിരുന്നല്ലോ. ബി. എ. സി. യെ ഇങ്ങനെ നോക്കുകുത്തി ആക്കാമോ ? അദ്ദേഹം പറഞ്ഞ വാദഗതികളൊന്നും ശരിയല്ല. അങ്ങനെ ആണെങ്കിൽ ബി. എ. സി. കൂടേണ്ട ആവശ്യമില്ലല്ലോ. ഷെഡ്യൂൾ ചെയ്തിരിക്കുന്നതിൽനിന്നും വ്യത്യസ്തമായി, ബി. എ. സി. തീരുമാനിക്കാത്ത ഒരു പുതിയ ബിൽ കൂടി 13-ാം തീയതി ഉണ്ടോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. 13-ാം തീയതി ഷെഡ്യൂൾ ചെയ്തിരുന്നത് ഡീസെൻട്രലൈസേഷൻ ഓഫ് പവ്വേഴ്സ് അമെന്റ്മെന്റ് ബിൽ മാത്രമാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് (അമന്റ്മെന്റ്) ബില്ലിന്റെ കൂടെ എല്ലാപേർക്കും അക്സപ്റ്റബിൾ ആണെങ്കിൽ മലയാളത്തിലുള്ള ഈ ബില്ലുംകൂടി ചർച്ച ആകാമോ എന്നുള്ളതാണ് പ്രശ്നം.

ശ്രീ. ജി. കാർത്തികേയൻ : അങ്ങയുടെ കേസ് വീക്കെൻ ചെയ്യുകയാണ്. ഗവൺമെന്റ് കൊണ്ടുവരുന്ന ബിസിനസ് പാസാക്കാൻ കൂട്ടുനിൽക്കുന്നവരാണല്ലോ പ്രതിപക്ഷം. അതിന് ബി. എ. സി. യുടെ ആവശ്യമില്ലല്ലോ. നിങ്ങൾ തീരുമാനിച്ചാൽ പോരേ. ഇന്നലെ ബി. എ. സി. കൂടിയപ്പോൾ അങ്ങ് ഉണ്ടായിരുന്നല്ലോ. ബി. എ. സി. യിൽ ഗവൺമെന്റ് പ്രയോറിറ്റിയോട് ഞങ്ങൾ യോജിക്കുകയാണ് ചെയ്തത്. ഞങ്ങൾ മിനിമം പറയേണ്ട കാര്യങ്ങൾ പറയും. ഗവൺമെന്റ് പ്രയോറിറ്റിയുള്ള ബില്ലുകൾ ഏതൊക്കെയാണ്; സമയം കണ്ടെത്തേണ്ടത് ഗവൺമെന്റിന്റെ ചുമതലയാണ്. സിസ്റ്റം ശരിയല്ല. ഇനി ബി. എ. സി. കൂടിയാലെന്ത്, കൂടിയില്ലെങ്കിൽ എന്ത്, ഞങ്ങൾക്ക് ഇഷ്ടമുള്ളത് കൊണ്ടുവരും, അങ്ങനെയാണ് കാര്യങ്ങൾ നടക്കുന്നത്. വിനയത്തിന്റെ ഭാഷയിൽ പറഞ്ഞാൽ ധിക്കാരം പറയരുത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : നിങ്ങൾക്ക് ഒക്കുകയില്ലെങ്കിൽ മാറ്റി വയ്ക്കാം.

ശ്രീ. കെ. എം. മാണി : സർ, ബി. എ. സി. യിൽ തീരുമാനം എടുത്തത് 8-ാം തീയതിയും 13-ാം തീയതിയും 239-ാം നമ്പർ ബിൽ എടുക്കാനാണ്. 240 -ാം നമ്പർ ബിൽ എടുക്കാൻ തീരുമാനിച്ചില്ല. ഇങ്ങനെ ഞങ്ങളെയും ബി. എ. സി. യെയും ബൈപാസ് ചെയ്യാമോ ? അതാണ് റലവന്റ് കസ്റ്റ്യൻ. അങ്ങ് അത് റൂൾ ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഡിസ്കസ് ചെയ്യുമ്പോൾ നമ്പർ ഒന്നും പറഞ്ഞിട്ടില്ല. ആകെ പറഞ്ഞത് ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് (അമന്റ്മെന്റ്) ബിൽ പാസാക്കാമെന്നാണ്. അതിന്റെ കൂടെ ഒരു മലയാളത്തിലുള്ള ബില്ലുമുണ്ട്. അത് ഉൾപ്പെടുത്തിക്കൂടായെന്നുണ്ടെങ്കിൽ മാറ്റിവയ്ക്കാം. ഇതിനോട് നിസ്സഹകരണ മനോഭാവമാണെങ്കിൽ അങ്ങേയ്ക്ക് യുക്തമായിട്ടുള്ളത് ചെയ്യാം.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞങ്ങൾ പറഞ്ഞതാണോ അതോ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണോ തെറ്റ് എന്നതിനെ സംബന്ധിച്ച് അങ്ങ് റൂൾ ചെയ്യണം.

X കാര്യോപദേശക സമിതി യോഗത്തിൽ പരിഗണനയ്ക്ക് വരാത്ത ഒരു ബിൽ കാര്യോപദേശക സമിതിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച്

മി. സ്പീക്കർ : ഇന്നലെ ബി. എ. സി. 12.00 മണിക്ക് വച്ചിരുന്നത് 12.30നാണ് കൂടാൻ കഴിഞ്ഞത്. കാരണം സഭ നീണ്ടുപോയതുകൊണ്ട്. ഇന്നലെ പ്രതിപക്ഷ നേതാവ് ഇല്ലായിരുന്നു. 12.30-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ മറ്റ് ക്ഷണിതാക്കൾ എല്ലാപേരും പങ്കെടുത്തിരുന്നു. ഇന്നലെ നമ്മുടെ തുടർന്നുള്ള ബിസിനസുകളെ സംബന്ധിച്ച് തീരുമാനമെടുത്തിരുന്നു. തീരുമാനം എടുത്ത കൂട്ടത്തിൽ അവിടെ തീരുമാനിക്കാത്ത ഒരു കാര്യം ഇന്നത്തെ റിപ്പോർട്ടിൽ വന്നു എന്നാണ് പറയുന്നത്. 8-ാം തീയതിയിലെയും 13-ാം തീയതിയിലെയും ബിസിനസുകളെ സംബന്ധിച്ചാണ് തർക്കം. ഇന്നലത്തെ ബി. എ. സി. യിൽ ചില മാറ്റങ്ങൾ വരുത്തിയിരുന്നു. ചില മാറ്റങ്ങൾ വരുത്താൻ ഇടയായ സംഗതിയെന്നു പറയുന്നത്, അംഗങ്ങൾ പ്രത്യേകിച്ചും പ്രതിപക്ഷത്തുള്ള അംഗങ്ങൾ ബില്ലുകളെ സംബന്ധിച്ച്, അല്ലെങ്കിൽ ഓർഡിനൻസ് റിപ്ലെയ്സ് ചെയ്യുന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ പ്രയോറിറ്റി എന്താണെന്ന് ചോദിച്ചു. അപ്പോഴാണ് ഒരു പുതിയ കാര്യം വന്നത്. പ്രയോറിറ്റിയിൽ ഞങ്ങൾക്ക് ഡീസെൻട്രലൈസേഷൻ ഓഫ് പവ്വേഴ്സ് (അമെന്റ്മെന്റ്) ബിൽ ഉണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഡീസെൻട്രലൈസേഷൻ ഓഫ് പവ്വേഴ്സ് (അമെന്റ്മെന്റ്) ബിൽ വളരെ പ്രധാനപ്പെട്ടതാണെങ്കിലും കഴിഞ്ഞ ബി. എ. സി. കൂടുമ്പോൾ അത് വന്നിരുന്നില്ല. കഴിഞ്ഞ ബി. എ. സി. ക്ക് ശേഷമാണ് ബില്ലുകൾ വന്നത്. ആ ബില്ലുകൾ രണ്ടു ദിവസങ്ങളിലായി അംഗങ്ങൾക്ക് കമ്മിറ്റി മുമ്പാകെ സർക്കുലേറ്റ് ചെയ്തിരുന്നു. അതുകൊണ്ടാണല്ലോ കമ്മിറ്റിയിൽ വരുന്നത്. സർക്കുലേറ്റ് ചെയ്ത കൂട്ടത്തിൽ രണ്ട് ബില്ലുകൾ സർക്കുലേറ്റ് ചെയ്തിരുന്നു. ഒന്ന് 2000-ലെ കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവ്വേഴ്സ് (അമെന്റ്മെന്റ്) ബിൽ (ബിൽ നം. 239). രണ്ടാമത്തേത് ഡീസെൻട്രലൈസേഷൻ എന്ന പേരിലല്ല, 2000-ലെ കേരള കമാന്റ് ഏരിയ ഡവലപ്പ്മെന്റ് (അമെന്റ്മെന്റ്) ബിൽ (ബിൽ നം. 240). ഈ ബില്ലുകൾ ഡീസെൻട്രലൈസേഷൻ എന്നുള്ള നിലയിൽ ചർച്ച ചെയ്തതല്ലാതെ നമ്പർ എന്നുള്ള നിലയ്ക്ക് അവിടെ ചർച്ച ചെയ്യപ്പെട്ടില്ല.

ശ്രീ. ടി. എം. ജേക്കബ് : സർ, സാധാരണ നമ്മൾ ബില്ലിന്റെ പേരല്ലേ ചർച്ച ചെയ്യുന്നത്. ബില്ലിന്റെ നമ്പർ ചർച്ച ചെയ്യാറില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly